"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മലപ്പുറം നഗരസഭാ പ്രദേശത്ത് പാമ്പാട് ഹൗസിംഗ് കോളനിയിൽ നിർമ്മിച്ചിട്ടുള്ള ഫ്ലാറ്റിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി തുടരുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡി സി ) വകുപ്പ്**

G.O.(Rt) No.1140/2021/LSGD | തീയതി,തിരുവനന്തപുരം, 14/06/2021

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 10.02.2021-ൽ ചേർന്ന യോഗത്തിലെ തീരുമാനം നമ്പർ 4.44

**ഉത്തരവ്**

മലപ്പുറം നഗരസഭാ പ്രദേശത്ത് പാമ്പാട് ഹൗസിങ്ങ് കോളനിയിൽ നിർമിച്ചിട്ടുള്ള ഫ്ലാറ്റിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് മലപ്പുറം നഗരസഭ 78 ലക്ഷം രൂപ അടങ്കലിൽ 2019-20 വർഷം പദ്ധതി തയാറാക്കി സാങ്കേതിക അനുമതിക്കായി ശുചിത്വ മിഷന് സമർപ്പിച്ചിരുന്നു. കരാറുകാരൻ ടെണ്ടർ എടുത്തത് 66 ലക്ഷം രൂപയ്ക്കായതിനാൽ പദ്ധതിയുടെ അടങ്കൽ നഗരസഭ കുറയ്ക്കുകയുണ്ടായി. ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടിയിലൂടെ കരാറുകാരനെ കണ്ടെത്തിയാണ് നിർമ്മാണപ്രവൃത്തി ആരംഭിച്ചത്. പദ്ധതിയുടെ ഭാഗമായുള്ള സിവിൽ പ്രവൃത്തികൾക്ക് 15 ലക്ഷം രൂപ വകയിരുത്തുകയും സിവിൽ വർക്ക് പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ശുചിത്വ മിഷന് സമർപ്പിക്കാതിരുന്നതിനാൽ സിവിൽ പ്രവൃത്തിക്കുള്ള അനുമതി ശുചിത്വ മിഷനിൽ നിന്നും നൽകിയ സാങ്കേതിക അനുമതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭ വിശദമായ എസ്റ്റിമേറ്റ് തയാറാക്കിയിരുന്നതാണ് എന്നും നടപടിക്രമങ്ങളിൽ ബോധപൂർവ്വമല്ലാതെ വന്ന വീഴ്ചയാണ് ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ളതെന്നും, സിവിൽ വർക്കിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി ഉറപ്പാക്കി തുടർ പ്രവർത്തനം നടത്തി പ്ലാന്റ് നിർമ്മണം പൂർത്തിയാക്കുവാൻ അനുമതി നൽകണമെന്നുമുള്ള മലപ്പുറം നഗരസഭയുടെ അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും സിവിൽ വർക്കിന്റെ വാല്യൂവേഷൻ തദ്ദേശസ്വയംഭരണ എക്സിക്യൂട്ടീവ് എൻജിനീയർ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ സിവിൽ പ്രവൃത്തിയുടെ തുക നൽകുവാനും പ്ലാന്റിന്റെ ബാക്കി നിർമ്മണം തുടരുവാനും നഗരസഭയ്ക്ക് അനുമതി നൽകുന്നതിന് മേൽ പരാമർശം പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം നഗരസഭാ പ്രദേശത്ത് പാമ്പാട് ഹൗസിംഗ് കോളനിയിൽ നിർമ്മിച്ചിട്ടുള്ള ഫ്ലാറ്റിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട സിവിൽ വർക്കിന്റെ വാല്യുവേഷൻ

തദ്ദേശസ്വയംഭരണ എക്സിക്യൂട്ടീവ് എൻജിനീയർ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ സിവിൽ പ്രവൃത്തിയുടെ തുക നൽകുവാനും പ്ലാന്റിന്റെ ബാക്കി നിർമ്മണം തുടരുവാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S Kannan
Special Secretary

ചെയർപേഴ്സൺ /സെക്രട്ടറി, മലപ്പുറം നഗരസഭ
നഗരകാര്യ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ് പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ട്സ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ട്സ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ &പി ആർ ഡി/ വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ -യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ -യ്ക്ക്